**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **17-09-2025 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തിലെ ഉൽപാദനം കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ വ്യവസായത്തിലെ ഉൽപാദനം കൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | (എ) കയർ വ്യവസായത്തിലെ ഉൽപാദനം കൂട്ടുന്നതിന് വിവിധ പദ്ധതികൾ കയർ വകുപ്പിന് കീഴിൽ ഏകോപിപ്പിച്ചു നടപ്പാക്കി വരുന്നു. ആയത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. **കയർ ഫൈബർ ബാങ്ക് പദ്ധതി**<br><br>ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. ടി ഈ പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 1.25 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതുമാണ്.<br><br>2. **കയർ റിവോൾവിംഗ് ഫണ്ട് പദ്ധതി**<br><br>കയർ സംഘങ്ങൾക്ക് സമയബന്ധിതമായി ഉൽപ്പന്നങ്ങളുടെ വില ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയുന്നു. ഈ പദ്ധതിയ്ക്കായി 10 കോടി രൂപയുടെ ഭരണാനുമതി ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.<br><br>3. **വരുമാനം ഉറപ്പാക്കൽ പദ്ധതി**<br><br>പരമ്പരാഗത കയർ തൊഴിലാളികളുടെ ദിവസക്കൂലിയിലെ സർക്കാർ വിഹിതമായ 110/- രൂപ അനുവദിച്ച് നൽകുന്നതിനായി വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ കീഴിൽ 2025-26 സാമ്പത്തിക വർഷം 13 കോടി രൂപ അനുവദിക്കുകയും 6.5 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>4. **ഫോക്കസ് 50 പദ്ധതി**<br><br>നിലവിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളെ തിരഞ്ഞെടുത്ത് ലാഭകരമാക്കി മാറ്റുക, പ്രവർത്തനം നിലച്ചത് ഉൾപ്പടെയുള്ള മറ്റ് സംഘങ്ങൾക്ക് അർഹതയനുസരിച്ചുള്ള പ്രവർത്തന മൂലധനം |

ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഫോക്കസ് 50 പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 4.34 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

5. **ചെറുകിട തറി ഉടമകളുടെ തറികൾക്കുള്ള ഒറ്റത്തവണ സഹായ പദ്ധതി.**

ചെറുകിട കയർ ഉല്പാദകരുടെ നെയ്ത്ത് തറികളുടെ അറ്റകുറ്റപണിക്കായി ഒറ്റത്തവണ ധനസഹായം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

6. **DF യൂണിറ്റുകൾ, ASM യൂണിറ്റുകൾ, ചെറുകിട തറി ഉടമകളുടെ തറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ**

കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റ പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി വഴി നടപ്പിലാക്കി വരുന്നു.

ചകിരിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി മുഖേന നിലവിലുള്ള ASM യൂണിറ്റുകളിൽ 750 എണ്ണം Maintenance ചെയ്യാൻ തീരുമാനിക്കുകയും അതിൽ 465 എണ്ണം Maintenance പൂർത്തീകരിക്കുകയും ചെയ്തു. അതുവഴി കയറിന്റെ ഗുണമേന്മയും ഉത്പാദനവും തൊഴിൽ ദിനങ്ങളും വർദ്ധിച്ചിട്ടുണ്ട്.

7. **മാനേജീരിയൽ സബ്സിഡി**

ഈ സാമ്പത്തിക വർഷം നാളിതുവരെ 1.09 കോടി രൂപ മാനേജിരിയൽ സബിസിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

8. **ഇൻവെസ്റ്റ്മെന്റ് സബ്സിഡി & വൈദ്യുതി സബ്സിഡി**

പ്രൈവറ്റ് ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി 50 ലക്ഷം രൂപയും 150 കയർ സഹകരണ സംഘങ്ങൾക്ക് വൈദ്യുതി സബ്സിഡിയിനത്തിൽ 8.36 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

9. **വിപണി വികസന സഹായ പദ്ധതി**

2024-25 സാമ്പത്തിക വർഷം ഉല്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതി പ്രകാരം 6.4003 കോടി

രൂപ 392 കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിരുന്നു. ആയതിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ 154 സംഘങ്ങൾക്ക് 3.15 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷം ഉല്പാദനവും ടി പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായ പത്തു കോടി രൂപയിൽ 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

10. **ക്രയവില സ്ഥിരതാ പദ്ധതി**

2024-25 സാമ്പത്തിക വർഷം കയർഫെഡിനും, കയർ കോർപ്പറേഷനും കൂടി ആകെ 22.74 കോടിരൂപ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

11. **ഗ്രാറ്റുവിറ്റി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി**

കയർ സൊസൈറ്റികളിലെ പി.എഫ്, ഇ എസ് ഐ, ഗ്രാറ്റുവിറ്റി, തൊഴിലാളി ക്ഷേമ സംഭാവന എന്നിവയുടെ ഭാഗമായി തൊഴിലുടമയുടെ കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതിക്കായി 200 ലക്ഷം വകയിരിത്തിയിട്ടുണ്ട്.

12. **വൈവിധ്യവൽക്കരണം**

ഓൺലൈൻ സംവിധാനത്തിലൂടെയും ഉൽപ്പന്ന വൈവിധ്യവല്ക്കരണത്തിലൂടെയും കയറ്റുമതി വർദ്ധിപ്പിച്ച് ഉൽപ്പാദനതോത് ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉൽപ്പന്ന മേഖലകളിലെ വൈവിധ്യവത്ക്കരണത്തിനായി സർക്കാർ പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളും ചേർന്നാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുള്ള പരിശീലനം നൽകുന്നതിനു മുന്നോടിയായി കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ എക്സ്പോർട്ടർമാർ, കയർ തൊഴിലാളികൾ, NID (National Institute of Design), NIFT (National Institute of Fashion Technology), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ പ്രതിനിധികൾ ഒത്തുചേർന്ന് പരിശീലന പരിപാടിയുടെ കരിക്കുലം തയ്യാറാക്കി.

ഇതിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദ്യഘട്ടമായി 465 പേർക്ക് ദിവസം

| | | | |
|---|---|---|---|
| | | | 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.<br><br>പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടു കൂടി ഒരു കയർ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് എന്ന നിലയിൽ ഒരു സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനു സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന മറ്റൊരു പദ്ധതി കൂടി പരിഗണനയിലാണ്. |
| (ബി) | ചകിരി മില്ലുകളുടേയും ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളുടേയും ഓട്ടോമാറ്റിക്ക് ലൂമുകളുടെയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഉൽപാദനം കൂട്ടുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | **(ബി)** ഉണ്ട്. കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റ പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>2024-25 വർഷം 500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ Maintenance ചെയ്തു ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 250 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സർവീസ് ചെയ്തു. 16 ഡീ ഫൈബറിംഗ് മില്ലുകൾക്കു തകരാർ പരിഹരിക്കുന്നതിന് 60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം 30 Kg മുതൽ 50 Kg വരെ (140 റണ്ണേജ്) ഉണ്ടായിരുന്ന കയർ ഉത്പാദനം 50 Kg മുതൽ 65 Kg വരെ (160 റണ്ണേജ്) ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ചെറുകിട ഉല്പാദകരുടെ നെയ്ത്തു തറികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ചെലവിന്റെ 50% പരമാവധി 15,000/- രൂപ നിരക്കിൽ നടപ്പു സാമ്പത്തിക വർഷം 900 തറികൾക്ക് 1.35 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ടുവെച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | **(സി)**കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ടിലെ 35നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കയർ മേഖലയിലെ എല്ലാ സർക്കാർ സംരഭങ്ങളും തമ്മിൽ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. കഴിയുന്നതും ഇത്തരം സർക്കാർ ഏജൻസികളെ ഏക ഭരണസമിതിക്ക് കീഴിൽ |

കൊണ്ടുവന്ന് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചാൽ കയർ മേഖലയ്ക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ മേഖലയ്ക്ക് ഉപകാരപ്രദമായും ഫലപ്രദമായും ഉപയോഗിക്കാൻ കഴിയും.

2) കയർ മേഖലയിലെ വികസനത്തിനായി ഉദ്ദേശിക്കുന്ന ഏക ഭരണസമിതിയിൽ നിലവിലെ സ്ഥാപനങ്ങളിലെ ചെയർമാൻമാരും ഡി.സി.ഡി ഫിനാൻസ് മെമ്പർ തുടങ്ങിയവരും കയർ മേഖലയിൽ നിക്ഷിപ്ത താൽപര്യങ്ങൾ ഇല്ലാത്ത നാലോ അഞ്ചോ സ്വതന്ത്ര ഡയറക്ടർമാർ താഴെപ്പറയുന്ന മേഖലകളിൽ പ്രാവീണ്യമുള്ളവർ ആയാൽ ഉചിതമായിരിക്കും.

എ )കയറും കയർ ഉൽപ്പന്നങ്ങളും

ബി )ടെക്സ്റ്റൈൽ വിദഗ്ധൻ

സി )ബിസിനസ് മാനേജ്മെൻറ്

ഡി )അന്തർദേശീയ ബിസിനസ് /കയറ്റുമതി

ഇ )മാർക്കറ്റിംഗ്

3) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും ഉറപ്പാക്കുന്നതിലേക്കായി ഒരു ത്രിതല ഓഡിറ്റ് സമ്പ്രദായം നടപ്പാക്കാവുന്നതാണ്. ഈ ത്രിതല ഓഡിറ്റ് താഴെപ്പറയും പ്രകാരം നടത്തേണ്ടതാണ്

എ) സംഘം തനതായി സ്വതന്ത്ര ഓഡിറ്ററെ വെച്ച് നടത്തുന്ന ഓഡിറ്റ്.

ബി) കയർ ഡയറക്ടറേറ്റ് നേരിട്ട് നടത്തുന്ന ഓഡിറ്റ് ,ഇതൊരു സ്വതന്ത്ര ഓഡിറ്ററെ കൊണ്ട് നടത്തുന്നതും ആലോചിക്കാവുന്നതാണ് .

സി) സർക്കാർ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ഓഡിറ്റ്.

4) സർക്കാരിൽ നിന്നും സഹകരണ സംഘങ്ങൾ കൈപ്പറ്റുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്കായി സ്വതന്ത്ര പെർഫോമൻസ് ഓഡിറ്റ് അടിസ്ഥാനമാക്കുന്നത് ഉചിതമായിരിക്കും. പെർഫോമൻസ് ഓഡിറ്റ് നേരത്തെ സൂചിപ്പിച്ച ഭരണസമിതിക്ക് തീരുമാനം എടുക്കാവുന്നതാണ്.

5) കയർ ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിനായി ഒരു മാർക്കറ്റ് കൺസൾട്ടന്റ്/ഏജന്റിനെ കമ്മീഷൻ വ്യവസ്ഥയിൽ ഭരണസമിതിക്ക് കീഴിൽ നിയമിക്കാവുന്നതാണ് .

6) കയർ മേഖലയിലെ സർക്കാർ സ്ഥാപനങ്ങളിൽ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്ന്യാസം ആലോചിക്കാവുന്നതാണ്.

7) ചകിരി ഉൽപാദന മേഖലയിലും, കയർപിരി മേഖലയിലും സർക്കാർ നിശ്ചയിച്ച അടിസ്ഥാന കൂലി തൊഴിലാളികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിലേക്കായി തൊഴിലാളികളുടെ എല്ലാ ഇടപാടുകളും ബാങ്ക് അക്കൗണ്ട് വഴി ആക്കണമെന്ന് കമ്മിറ്റി ഗൗരവമായി ആലോചിക്കുന്നു.

8) കാലോചിതമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ പരീക്ഷിക്കേണ്ടിയിരിക്കുന്നു.

9) മാർക്കറ്റിൽ ഡിമാൻഡുള്ള ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. വിപണിയെ കുറിച്ചുള്ള പഠനം അതിനെ ആസ്പദമാക്കിയുള്ള ഉൽപ്പന്നവും, ഉൽപാദനവും, തുടർന്നുള്ള വിപണനവും പെർഫോമൻസ് ഓഡിറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) ചെറുകിട ഉത്പ്പാദകരെയും കയർ സംഘങ്ങളെയും വൈവിധ്യവൽക്കരിക്കുന്നതിനും നൂതനമായ ഉത്പന്നങ്ങളും ഡിസൈനുകളും വികസിപ്പിക്കുന്നതിനുമായി എൻ.സി.ആർ.എം.ഐക്ക് കീഴിൽ ഒരു ഡിസൈൻ വിഭാഗം തുടങ്ങുന്നത് നന്നായിരിക്കും.

11) എൻ.സി.ആർ.എം.ഐ യിലെ ഗവേഷണ സാധ്യതകൾ കേരളത്തിലെ കയർ മേഖല ഉപയോഗപ്പെടുത്തുന്നില്ല. അത് പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

12) എൻ.സി.ആർ.എം.ഐ-യിലെ അഡ്മിനിസ്ട്രേറ്റീവ്/സയന്റിസ്റ്റ് അനുപാതം പുനർനിർണയിച്ച് പ്രായോഗിക ഗവേഷണത്തിന് മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു.

13) കയർ ക്ഷേമനിധി ബോർഡ് വഴി ചകിരി ഉൽപാദന മേഖലയിലും കയർപ്പിരി മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പിലാക്കാവുന്നതാണ്. ഇതിനുള്ള ഫണ്ട് സർക്കാർ നൽകുന്നത് ഉചിതമായിരിക്കും.

14) കയർക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതം തൊഴിലാളികളുടെ വിഹിതത്തിന്റെ 50 ശതമാനം ആക്കി ഉയർത്താൻ ഉള്ള നടപടികൾ സ്വീകരിക്കണം

15) സി.ഐ.ആർ.സി -യുടെ വേതനം, ബോണസ് (അത് നിശ്ചയിക്കുന്നതിൽ അപാകതകൾ ഉണ്ട്) ഉത്പന്ന മേഖലയ്ക്ക് മാത്രമാണ് നിലവിലുള്ളത്. ചകിരി കയർപിരി മേഖല സിഐആർസിക്ക് പുറത്താണ്. കയർ ഉൽപ്പന്നങ്ങളുടെ വിലയിൽ കൂടുതൽ വർദ്ധന ഉണ്ടാകാതെ കയർ മേഖലയിലെ മറ്റു വിഭാഗങ്ങളെയും എങ്ങനെ സിഐആർസിക്ക് കീഴിൽ കൊണ്ടുവരുവാൻ സാധിക്കും എന്ന് അവലോകനം ചെയ്യുന്നത് ഉചിതമായിരിക്കും.

16) കയർ ക്ഷേമനിധി തൊഴിലാളി അംഗങ്ങളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ഫണ്ടിന്റെ പരിമിതികൾ ഉള്ളത് പരിഹരിക്കാനായി കയറ്റുമതിക്കാരുടെ വിഹിതം ലഭ്യമാക്കുന്നതിലേക്കായി നിലവിലെ സ്റ്റേ ഓർഡർ രമ്യമായി പരിഹരിക്കാനുള്ള ശ്രമം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ഉചിതമായിരിക്കും.

17) കേരളത്തിലെ കയറ്റുമതിക്കാരുടെ ഫാക്ടറികളിൽ നിർമ്മിച്ചതോ കേരളത്തിലെ ചെറുകിട /സംഘങ്ങൾ നിർമ്മിച്ചതോ ആയ കയർ ഉൽപ്പന്നങ്ങൾ ഏറ്റവും കൂടുതൽ കയറ്റി അയക്കുന്ന കയറ്റുമതിക്കാർക്ക് ഒരു അവാർഡും തനത് വർഷത്തിൽ ആ കയറ്റുമതി കമ്പനിക്ക് ചില ആനുകൂല്യങ്ങളും കൊടുക്കുന്നതിനെകുറിച്ചും ആലോചിക്കാവുന്നതാണ്. ഇതുമൂലം കേരളത്തിലെ കയർ വ്യവസായത്തിൽ തുടർന്നും അവരുടെ സേവനങ്ങൾ ഉറപ്പാക്കാം.

18) ASM മെഷീനിൽ വിവിധ റണ്ണേജിലുള്ള കയർ പിരിക്കാൻ ഉള്ള സംവിധാനം വികസിപ്പിക്കണം ഇതിനുള്ള ഗവേഷണ/വികസന പ്രവർത്തനങ്ങൾ എൻ.സി.ആർ.എം.ഐ /കെ.എസ്.സി.എം.എം.സി ഏകോപിപ്പിക്കേണ്ടതാണ്.

19) ചകിരി ഉൽപാദനത്തിലും കയർപിരി മേഖലയിലും ഉത്പന്നത്തിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടതുണ്ട് .

20) സി.ഐ.ആർ.സി പ്രകാരമുള്ള ബോണസ്, വേതനം കുറഞ്ഞ തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. മാസം 15000 -18000 രൂപയ്ക്ക് താഴെ വേതനം ലഭിക്കുന്ന തൊഴിലാളികൾക്ക് മാത്രമായി (സർക്കാർ ബോണസ് സീലിംഗ്) പരിമിതപ്പെടുത്താവുന്നതാണ്.

21) വേതനവും ഉൽപാദനവും തമ്മിൽ ബന്ധപ്പെടുത്തിയല്ല എങ്കിൽ ഉൽപന്ന വില കൂടാനും തൽഫലമായി വ്യവസായം തന്നെ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുവാൻ സാധ്യതയുണ്ട്.

കയറ്റുമതിക്കാരുടെ സ്ഥാപനങ്ങളിൽ ആണ് ഈ പ്രവണത, ആയതിനാൽ സർക്കാരിൻറെ അടിയന്തര ശ്രദ്ധ ഇതിൽ പതിയണം.

22) കയർ ക്ഷേമനിധിയിൽ കയർമേഖലയിൽ പണിയെടുക്കാത്തവരും അംഗങ്ങളാണ് എന്ന പരാതി പരിശോധിച്ചു. കയർ മേഖലയിലെ അർഹരായ തൊഴിലാളികൾ മാത്രം കയർ ക്ഷേമനിധിയിൽ ഉള്ളൂ എന്ന് ഉറപ്പുവരുത്തണം .

23) മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായും ഒരു ഫണ്ട് വകയിരുത്തുന്നത് അനിവാര്യമാണ്. വാർഷിക ബജറ്റ് തയ്യാറാക്കുമ്പോൾ ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

24) കയർ സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ കയറിനു മാർക്കറ്റ് കണ്ടെത്തി കയർഫെഡ് മുഖാന്തിരം വിപണനം നടത്തുന്ന സാഹചര്യമുണ്ടെങ്കിൽ അങ്ങനെ നടത്തുന്ന വ്യാപാരത്തിൽ നിന്ന് വ്യവസായ സംഘത്തിന് കയറിന്റെ വില അപ്പോൾ തന്നെ നൽകേണ്ടതാണ്. സ്വന്തമായി ഇങ്ങനെ പുതിയ മാർക്കറ്റ് കണ്ടെത്തുന്ന സംഘങ്ങൾക്ക് ഒരു പ്രോത്സാഹന ഇൻസെന്റീവ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

25) കയർക്ഷേമനിധിയുടെ വരവ് ചെലവ് കണക്കുകൾ, പെൻഷനും വിരമിക്കൽ ആനുകൂല്യവും സർക്കാർ നൽകേണ്ടത് ഒഴിച്ചു പരിശോധിച്ചാൽ 126 ലക്ഷം രൂപയുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാനായി ബോർഡിന് 564 ലക്ഷം രൂപയുടെ ഓഫീസ് ചെലവുകൾ വരുന്നുണ്ട് എന്ന് കാണാം. ഈ ഓഫീസ് ചെലവുകൾ പരമാവധി കുറച്ച് തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർധിപ്പിക്കേണ്ടതാണ്.

26) കയർ തൊഴിലാളി പെൻഷൻ തുകയിൽ നിന്നും അർഹമായ കുടുംബ പെൻഷനും അവശത പെൻഷനും തടഞ്ഞുകൊണ്ടുള്ള ധനകാര്യവകുപ്പിന്റെ 24-09-2022-ലെ ഉത്തരവ് പുനപരിശോധിച്ച് തൊഴിലാളികൾക്ക് ഗുണകരമായ നിലയിൽ പുതിയ ഉത്തരവ് ഉണ്ടാകാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

27) കയർമേഖലയിലെ വിവിധ ഏജൻസികളെ തമ്മിൽ പരസ്പരം ബന്ധിച്ചുള്ള ഒരു സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

28) ഡോർമെന്റായ സൊസൈറ്റികളുടെ സ്ഥലവും ഇൻഫ്രാ സ്ട്രക്ച്ചറുകളും പബ്ലിക്/ പ്രൈവറ്റ് പാർട്ടിസിപ്പേഷൻ കൺസെപ്റ്റിൽ എക്സ്പോർട്ടേഴ്സ് അല്ലെങ്കിൽ ചെറുകിട ഉത്പാദകർക്ക് കോൺട്രാക്റ്റ്/ ലീസ് വ്യവസ്ഥയിൽ നൽകാവുന്നതാണ്. ഇത്തരം പി പി യിൽ ചുരുങ്ങിയത് 200 തൊഴിലാളികൾക്കെങ്കിലും തൊഴിൽ കൊടുക്കുവാൻ ഉള്ള വ്യവസ്ഥ ഉണ്ടാകണം.

29) എ എസ് എമ്മിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന പരിശീലനം പര്യാപ്തമല്ല .അത് പുനർവിചിന്തനം ചെയ്യണം. കെ .എസ് .സി .എം .എം .സി -യേയോ എൻ .സി .ആർ .എം .ഐ -യേയോ പരിശീലനത്തിന് ഏർപ്പെടുത്താവുന്നതാണ്.

30) വിവിധതരം കയർ പിരിക്കാനും വിവിധ റണ്ണേജിൽ പിരിക്കാനും ഉള്ള സംവിധാനം വികസിപ്പിക്കണം. ഇതിനായി എ.എസ്.എം മെഷീൻസ് നവീകരിക്കേണ്ടതുണ്ട്. ഇതിനുള്ള ആർ&ഡി ഏറ്റെടുക്കുവാൻ കഴിയണം.

31) വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം സർക്കാർ ധനസഹായത്തോടെ കയർ കോർപ്പറേഷൻ മുഖാന്തിരം നൽകിവരുന്ന ട്രെയിനിങ് പൂർത്തീകരിച്ച കയർ തൊഴിലാളികളുടെ കൂട്ടായ്മകൾക്ക് ഡോർമെന്റായ സംഘങ്ങളുടെ സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകി ഉത്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

32) യന്ത്ര നിർമ്മാണ കമ്പനി നൽകുന്ന യന്ത്രങ്ങൾ മുഴുവൻ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കാൻ യന്ത്ര നിർമ്മാണ കമ്പനിയോ/ കയർ വകുപ്പോ എൻ.സി.ആർ.എം.ഐ യോ നടപടികൾ സ്വീകരിക്കണം.

33) മൂന്നോ നാലോ സൊസൈറ്റികളിൽ പിരിക്കുന്ന കയർ, പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തി ഒരു സൊസൈറ്റിയിൽ സൂക്ഷിക്കുവാനുള്ള സമ്പ്രദായം ആലോചിക്കാവുന്നതാണ്.

34) കയർ സംഘങ്ങളുടെ ത്രൈമാസ കണക്കുകൾ എ .ഡി .സി .ഡി യുടെ നേതൃത്വത്തിൽ പ്രോജക്ട് ഓഫീസർമാർ ചെയ്യേണ്ടതാണ്. ഈ ത്രൈമാസ കണക്കിന്റെ അടിസ്ഥാനത്തിൽ നേരത്തെ സൂചിപ്പിച്ച ഗവേണിംഗ് കൗൺസിലിന് ഉചിതമായ പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. ഈ കണക്കുകളിൽ സൊസൈറ്റി വാങ്ങിയ അസംസ്കൃത വസ്തുക്കളുടെ ഡാറ്റ, സൊസൈറ്റിക്ക് കൊടുക്കുവാൻ

| | | | |
|---|---|---|---|
| | | | കഴിഞ്ഞ തൊഴിൽ ദിനങ്ങൾ, തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം, ഉൽപ്പന്നങ്ങളുടെ കണക്കുകൾ ,സർക്കാർ നൽകുന്ന ഫണ്ടുകളുടെ വിവരം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. 35) ചകിരിയുടെ വിലയിലുണ്ടാകുന്ന വ്യത്യാസത്തിന് ആനുപാതികമായി സബ്സിഡി നൽകുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ